(ബി) കരണിക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ.-യുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഐ.പി. കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും പ്ലാറിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ എന്നിവ നടന്നിട്ടില്ല. സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിട്ടില്ല. ഐ.പി. -ക്ക് ആവശ്യമായ ജീവനക്കാരില്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും ചെയ്യുന്ന മുറയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുന്നതാണ്.

ചാലക്കുടി താലൂക്കാശുപത്രി

54(752) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമകെയർ-ബേസ് യൂണിറ്റ് അനുവദിച്ച നാളുകൾ ഏറെയായിട്ടും പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ഡോക്ടർമാർ, സ്റ്റാഫുകൾ എന്നിവരെ നിയമിക്കുന്നതിനും കെട്ടിട സൗകര്യം അനുവദിക്കുന്നതിനും, ആവശ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാത്തതിനാൽ ഇനിയും പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ട്രോമകെയറിന്റെ രോഗമായി പ്രവർത്തിക്കുന്ന ആംബുലൻസിന്റെ സേവനം തുടർന്നും ലഭ്യമാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ചാലക്കുടി ഗവ. ഹോസ്പിറ്റലിൽ ട്രോമകെയർ സൗകര്യം പൂർണ്ണമായും ഏർപ്പെടുത്തുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള തെരഞ്ഞെടുത്ത ആശുപത്രികളിൽ ട്രോമാകെയർ സെന്ററുകൾ സജ്ജീകരിക്കുന്നതിനും ട്രോമാകെയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിനുമായി അഞ്ച് (5) കോടി രൂപ അനുവദിച്ചിരുന്നു. സ.ഉ.(കൈ)നമ്പർ 365/2010/ആ.ക.വ തിയതി 18-6-2010 പ്രകാരം ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ട്രോമാകെയർ ആംബുലൻസിന്റെ ബേസ് സ്റ്റേഷനായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രോമാകെയർ ആംബുലൻസിന്റെ ഡ്രൈവർക്കും മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഒടക്കീഷ്യനും വേതനം നൽകുന്നതിന് 4.2487 ലക്ഷം രൂപയും ആംബുലൻസിന്റെ കണ്ടിജൻസി ചെലവുകൾക്ക് 0.2997 ലക്ഷം രൂപയും ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. ഒരു വർഷത്തേക്കുള്ള ടി ചെലവുകൾക്ക് മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ 2011-12-ൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് 13.45 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് സ.ഉ.(സാധാ)നം. 3961/2011/ആ.കു.വ. തീയതി 15-11-2011 പ്രകാരം ഭരണാനുമതി നൽകുകയും ടി തുക തുടർ നടപടികൾക്കായി കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിലെ കാഷ്വാൽറ്റി യൂണിറ്റിലെ ട്രോമാകെയർ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായിട്ടാണ് ടി പ്രവൃത്തി നടപ്പിലാക്കിയത്.

2013-14-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക 30 ലക്ഷം രൂപ വിനിയോഗിച്ച് ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീനും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് തുക കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) ട്രോമാകെയർ ആംബുലൻസിന്റെ ഒരു വർഷത്തെ കണ്ടിജൻസി ചെലവുകൾക്കുള്ള 0.2997 ലക്ഷം രൂപയും ആംബുലൻസിന്റെ ഡ്രൈവറുടെയും മെഡിക്കൽ ടെക്നീഷ്യന്റെയും ഒരു വർഷത്തെ വേതനത്തിനുള്ള 4.2487 ലക്ഷം രൂപയും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്നും കെ.ആർ.എസ്.എ. ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വിവിധ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവന്നത്. ഇതിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിനായി ലഭിച്ച തുകയാണ് വിനിയോഗിച്ചത്. എന്നാൽ 2015-16-ൽ 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് ലഭിക്കാത്ത സാഹചര്യം നിലവിലുള്ളതിനാൽ ടി പദ്ധതിക്ക് തുക വകമാറ്റിയിട്ടില്ല. 2016-17-ലും ട്രോമാകെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനുള്ള ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി ചാവക്കാട് ആശുപത്രിയിൽ ട്രോമാകെയർ സൗകര്യം പൂർണ്ണമായും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly